റവന്യു വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : പാലക്കാട് ജില്ലയിൽ 113 വില്ലേജുകളാണ് വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ 13 വില്ലേജുകളും മലമ്പുഴ നിയോജകമണ്ഡലത്തിലാണ്; 8 പഞ്ചായത്തുകളിലായി കുടിവെള്ളം ആവശ്യപ്പെട്ട സ്ഥലങ്ങളിലെല്ലാം വാഹനങ്ങളും മുഖേന എത്തിച്ചുകൊണ്ടിരുന്നു. ഇപ്പോഴും ഈ കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ കുറെ മഴ ലഭിച്ചതിനെ തുടർന്ന് വെള്ളം ഇപ്പോഴും അങ്ങനെ വിതരണം ചെയ്യണമെന്നുള്ള ആവശ്യമില്ല. സർ, എങ്കിലും വരൾച്ചയുടെ കെടുതിയിൽ നിന്നും ആ പ്രദേശം രക്ഷപ്പെട്ടിട്ടില്ല. ആർ. ആർ. നടപടികളും 1986 ഡിസംബർ മാസം വരെ നിർത്തലാക്കിയിട്ടുണ്ട്. ബാങ്കുകളോടും, ബാങ്ക് വായ്പകളോടും ഇൻഷ്വറൻസ് ഫെസിലിറ്റീസ് കൊടുത്തിരിക്കുകയാണ്. എല്ലാ ഉദ്യോഗസ്ഥൻമാരോടും ഈ റവന്യൂ റെക്കവറി നടപടികളും നിർത്തി വയ്ക്കണമെന്ന് പ്രത്യേകമായി ആവശ്യപ്പെട്ടിട്ടുണ്ട്. മിക്കവാറും എല്ലാ ധനകാര്യ സ്ഥാപനങ്ങളും അത് സമ്മതിച്ചു കഴിഞ്ഞു. ആ പ്രദേശങ്ങളിലുള്ള ആളുകൾക്ക് കുറെ സമയത്തേക്ക് ഫ്രീ റേഷൻ കൊടുക്കാനും, വസ്ത്രങ്ങൾ കൊടുക്കാനുമുള്ള ഏർപ്പാടുകളും ചെയ്തിരുന്നു. വാട്ടർ സെസ്സിനുള്ള പിരിവും നിർത്തി വച്ചിട്ടുണ്ട്. റിസർവ്വോയറിൽ വെള്ളമില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഈ പ്രത്യേക പരിതഃസ്ഥിതിയിൽ ഈ ഗവൺമെൻറിന് ചെയ്യാൻ കഴിയുന്ന ചില കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്. പൈപ്പ് ലൈൻ പുതുശ്ശേരി പഞ്ചായത്തിലേക്ക് എക്സ്റ്റെൻറ് ചെയ്തു. അതുപോലെ ചന്ദ്രപുരം, തെനേരി, കല്ലേപ്പുള്ളി എന്നീ സ്ഥലങ്ങളിൽ ട്യൂബ് കിണറുകളും കുഴിച്ച് ആവശ്യമായ വാട്ടർ സപ്ലൈ നടത്തുന്നുണ്ട്. അതിനാവശ്യമായ അടിയന്തിര സഹായങ്ങളൊക്കെ ചെയ്തിട്ടുമുണ്ട്. വരൾച്ച ബാധിത പ്രദേശത്തിന് കിട്ടേണ്ട സഹായത്തെ സംബന്ധിച്ച് അവ ''ഡ്രൗട്ട് പ്രോൺ'' (drought prone) ഏരിയയായി പ്രഖ്യാപിച്ച് സഹായം നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. കൂടാതെ പാലക്കാട് ജില്ലയിൽ കഴിഞ്ഞ വർഷം ഉണ്ടായ രൂക്ഷമായ വരൾച്ചയിൽ കൃഷിക്കാർക്ക് കിട്ടേണ്ട മുഖ്യമായ സഹായം കോപ്പ് ഇൻഷ്വറൻസിൽ നിന്നുള്ള സഹായമാണ്. അങ്ങനെ അൻപത് ശതമാനത്തിലേറെ വിള നാശമുണ്ടായിട്ടുണ്ട് എന്നുള്ള സ്ഥിതി വിശേഷമെടുത്താൽ കൃഷിക്കാരെ ഗണ്യമായി സഹായിക്കാനും, അതിനുള്ള വായ്പ ഗണ്യമായി എഴുതിതള്ളാനും കഴിയും. അതിനുള്ള നടപടി ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(3) സരസൻ സംഭവം

ശ്രീ. ബേബിജോൺ : എല്ലാവരും പറയുന്നതുപോലെ നമ്മുടെ രാഷ്ട്രീയ രംഗത്ത് വളരെ കോളിളക്കം ഉണ്ടായ സംഭവത്തെ സംബന്ധിച്ച് അതിന് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതിന് അങ്ങയുടേയും, സഭയുടേയും ശ്രദ്ധയിൽ കൊണ്ടു വരാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഞാൻ ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് തരാൻ അങ്ങയോട് അനുവാദം ചോദിച്ചതാണ്. അങ്ങ് അത് വേണ്ടാ എന്ന് ഉപദേശിച്ചതുകൊണ്ടാണ് ഞാൻ അതിന്റെ പ്രാധാന്യം കുറച്ചത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. 1981 ജനുവരി 5-ാം തീയതി ചവറയിൽ സരസൻ എന്ന് പറയുന്ന ഒരു ചെറുപ്പക്കാരനെ കാണാതായി. അദ്ദേഹം ഞങ്ങളുടെ പാർട്ടിയിലെ ഒരംഗമായിരുന്നു. പിന്നീട് അദ്ദേഹം കോൺഗ്രസ് ഐ-യിലും ഐ. എൻ. ടി. യു. സി. യിലും ചേർന്നു. അദ്ദേഹത്തിന്റെ വിവാഹനിശ്ചയത്തിനു ശേഷമാണ് അദ്ദേഹത്തെ കാണാതെപോയത്. ഇടതുപക്ഷ ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണി ഗവൺമെൻറിന്റെ കാലത്തായിരുന്നു ഇത് സംഭവിച്ചത്. 1981 ജനുവരി 19-ാം തീയതിയാണ് സരസനെ കാണാനില്ലെന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ ബന്ധുക്കൾ ചവറ പോലീസ് സ്റ്റേഷനിൽ പെറ്റീഷൻ കൊടുക്കുന്നത്. എന്നിട്ട് ''മാൻ മിസ്സിംഗ്'' എന്ന് പറഞ്ഞ് ഒരു കേസ്സും എടുത്തു. ആ മാസം 25-ാം തീയതിയാണെന്നു തോന്നുന്നു ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതാക്കൻമാരേയും, മന്ത്രിമാരേയും അവിടെനിന്ന് അഖില കക്ഷി പ്രതിനിധികളും വന്ന് നിവേദനം നടത്തി ക്രൈം ബ്രാഞ്ചിനെകൊണ്ട് അന്വേഷിപ്പിക്കണമെന്ന് പറഞ്ഞു. ഉടനെ തന്നെ ക്രൈം ബ്രാഞ്ചിനെകൊണ്ട് അന്വേഷിപ്പിക്കുന്നതിന് അന്നത്തെ ആഭ്യന്തരകാര്യ വകുപ്പു മന്ത്രിയായിരുന്ന ശ്രീ. ടി. കെ. രാമകൃഷ്ണൻ ഓർഡർ ഇടുകയും ചെയ്തു. അത് 27-ാം തീയതിയാണെന്ന് തോന്നുന്നു. അങ്ങനെ അന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോഴാ നിർഭാഗ്യവശാൽ കോൺഗ്രസ് ഐ. യുടെ സ്നേഹിതൻമാർ ഒറ്റയ്ക്ക് പ്രതിഷേധ യോഗങ്ങളും, വിലാപയാത്രകളും നടത്തി, ബേബിജോൺ കൊലയാളി എന്നു വിളിച്ചുകൊണ്ട്. അതിലൊന്നും എനിക്ക് ദുഃഖമുണ്ടായിട്ടല്ല പറയുന്നത്. ആർ. എസ്. പി. ക്കാരാണ് സരസനെ കൊല ചെയ്തത്, കൊലയാളികളെ അറസ്റ്റ് ചെയ്യണം എന്നൊക്കെ പറഞ്ഞുകൊണ്ടുള്ള പ്രക്ഷോഭണമാണ് കോൺഗ്രസ് ഐ. യുടെ ഭാഗത്തുനിന്ന് നിർഭാഗ്യവശാൽ അന്നുണ്ടായത്. ഈ അന്വേഷണം സമയത്ത് ഞങ്ങളുടെ ഗവൺമെൻറ് പോയി. ഇടയ്ക്ക് വച്ച് ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള 80 ദിവസത്തെ കാസ്റ്റിംഗ് മന്ത്രിസഭ ഉണ്ടായിരുന്നു. അത് കഴിഞ്ഞ് ഈ മന്ത്രിസഭയുണ്ടാക്കി. പല മർദ്ദനങ്ങളും പല പ്രവർത്തകർക്ക് ഏൽക്കേണ്ടി വന്നു. എനിക്ക് അതിനെക്കുറിച്ചൊന്നും പരാതിയില്ല. അങ്ങനെയിരിക്കുമ്പോഴാണ് അന്നത്തെ പ്രതിപക്ഷ നേതാവ്—ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ചവറയിൽ വന്ന് പ്രസംഗിച്ചത്. സർ, ഈ സരസനെക്കുറിച്ചുള്ള വിവരങ്ങൾ അന്വേഷിച്ചു പുറത്തു കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നെങ്കിൽ എനിക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നു. നിർഭാഗ്യവശാൽ അദ്ദേഹം പറഞ്ഞത് സരസന്റെ കൊലയാളികളെ ഞങ്ങളുടെ ഗവൺമെൻറ് അധികാരത്തിൽ വന്നാൽ 24 മണിക്കൂറിനുള്ളിൽ കൈയാമം വച്ച് കൊണ്ടുവരുമെന്നാണ്. അപ്പോൾ അദ്ദേഹവും ആ നിഗമനത്തിലെത്തി. പ്രചരണത്തിന്റെ ഫലമായിട്ടായിരിക്കാം. അല്ലെങ്കിൽ അദ്ദേഹത്തിന്റെ കക്ഷി പറഞ്ഞതുകൊണ്ടായിരിക്കാം, അല്ലെങ്കിൽ ബോധപൂർവ്വം അദ്ദേഹം അങ്ങനെ ഒരു പ്രചരണത്തിന് നേതൃത്വം നൽകിയതായിരിക്കാം. സരസന്റെ കൊലയാളികളെ പിടിക്കുന്നതിന് ഇൻഡ്യയുടെ അന്തരിച്ചുപോയ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ അടുത്ത് പരാതിപ്പെടുകയും നിവേദനങ്ങൾ നടത്തുകയും ചെയ്തു. ഇപ്പോഴത്തെ പ്രധാനമന്ത്രിയുടെ അടുത്തും നിവേദനം കൊടുത്തു. അതിലൊന്നും എനിക്ക് പരാതിയില്ല. തെരഞ്ഞെടുപ്പുകാലത്ത് ഓരോ പോളിംഗ് ബൂത്തിലും കൊലചെയ്യപ്പെട്ട സരസന്റെ ഫോട്ടോ വച്ചിട്ട് നിലവിളക്കും കത്തിച്ച് അത് വഴി കടന്നു പോകുന്ന ആളുകൾ അങ്ങനെ തൊഴുതോണ്ടു പോകുമായിരുന്നു. അത് ഒരു പക്ഷേ ഇലക്ഷനുവേണ്ടിയുള്ള പ്രചരണത്തിനായിരിക്കാം. ആ കാലത്ത് ഒരു ദുഃഖമുള്ള വസ്തുത ഈ ഭരണാധികാരികൾക്ക് അറിയാമായിരുന്നു. 1980-ലെ കാസ്റ്റിംഗ് ഭരണകാലത്ത് സരസന്റെ പല കത്തുകളും അന്നു മുതൽ വീട്ടിൽ വരുമായിരുന്നു. അത് പോലീസ് ഉദ്യോഗസ്ഥൻമാർക്കും അറിയാമായിരുന്നു. അവർ ആ വിവരം ബന്ധപ്പെട്ട മന്ത്രിമാരോടും ഭരണാധികാരികളോടും പറഞ്ഞിരുന്നു. അത് പുറത്തു വന്നപ്പോഴും പിന്നേയും മർദ്ദനമാണുണ്ടായത്. വഴി തെറ്റിക്കാൻ വേണ്ടി ആർ. എസ്. പി. ക്കാർ മനപ്പൂർവ്വമായി ഉമ കത്ത്

LIBRARY ARCHIVES Kerala Legislative Assembly

അയച്ചു എന്ന നിഗമനത്തിൽ അതിഭയങ്കരമായ മർദ്ദനമാണ് പിന്നേയും നടന്നത്. ഒടുവിൽ സരസ്സൻ ജീവിച്ചിരിക്കുന്നു എന്ന് അറിഞ്ഞതിനു ശേഷവും വർഷം തോറും ചരമദിനമായിരുന്നു. ഈ നിയമസഭയിൽതന്നെ അങ്ങ് ഓർക്കുമായിരിക്കും, പലപ്പോഴും സരസന്റെ കാര്യം ഇവിടെ റയിസ് ചെയ്തിട്ടുണ്ട്. ചിലപ്പോഴും ചില അംഗങ്ങളും പരിഹാസ്യ സൂചകമായി പറയുകയും ചെയ്തിട്ടുണ്ട്. അന്ന് അതിനൊന്നും എനിക്ക് മറുപടി പറയാനില്ലായിരുന്നു. ആരും വിശ്വസിക്കുകയില്ലായിരുന്നു. അത്രയ്ക്ക് ശക്തമായ ഒരു പ്രചരണമായിരുന്നു. രാജ്യവ്യാപകമായ സ്വാധീനമുള്ള ഒരു പാർട്ടി അതിശക്തമായ മാധ്യമങ്ങളും ഉപയോഗിച്ചു കൊണ്ട് നടത്തിയ ആ പ്രചരണത്തിൽ കുറെ ആളുകളും വിശ്വസിച്ചു. ഞാനും സഹപ്രവർത്തകരും കൊലയാളികളാണെന്നാണ് അവർ ധരിച്ചിരുന്നത്. എഴുത്ത് വന്നുകൊണ്ടിരുന്നതിനു ശേഷവും അവർ അങ്ങനെ തന്നെയാണ് ധരിച്ചിരുന്നത്. ജീവിച്ചിരിക്കുന്നു എന്നുള്ളതിനെപ്പറ്റി എനിക്കറിയില്ലായിരുന്നു. ഈ കേസ് എടുക്കണമെന്ന് നിർബന്ധമായി ഭരണകക്ഷിയിലെ ആളുകളും നിർബന്ധിച്ചപ്പോഴും അന്വേഷണ ഉദ്യോഗസ്ഥൻമാർ പറഞ്ഞത് സരസ്സൻ ജീവിച്ചിരിക്കുന്നുവെന്നാണ്. ഞങ്ങളുടെ അഭിപ്രായം സരസ്സന്റെ എഴുത്ത് വരുന്നുണ്ട് പിന്നെ എങ്ങനെ കേസ് എടുക്കും, നിങ്ങൾക്ക് ഭ്രാന്താണ് എന്ന് പറഞ്ഞ ആളുകളുമുണ്ട്. അങ്ങനെയിരിക്കുമ്പോഴാണ് ഈ സെപ്റ്റംബർ മാസം 30-ാം തീയതി സരസ്സനെ കണ്ടെത്തിയിരിക്കുന്നു എന്നു നമ്മുടെ മുഖ്യമന്ത്രി തിരുവനന്തപുരത്ത് പ്രസ്താവിച്ചത്. ഒരു പക്ഷേ രാഷ്ട്രീയ പ്രാധാന്യമുള്ളതുകൊണ്ടായിരിക്കാം, രാഷ്ട്രീയ കോളിളക്കങ്ങളും ഉണ്ടാക്കിയതുകൊണ്ടായിരിക്കാം മുഖ്യമന്ത്രി തന്നെ സരസ്സനെ കണ്ടെത്തിയെന്ന വസ്തുത പറയത്തക്ക പ്രാധാന്യമുള്ളതുകൊണ്ടായിരിക്കാം അദ്ദേഹം തന്നെ പത്രക്കാരെ വിളിച്ച് അക്കാര്യം പറഞ്ഞത്. കണ്ടെത്തിയെന്നു അറിയുന്നതിൽ ഏറ്റവും കൂടുതൽ സന്തോഷവാനാണ് ഞാൻ. കാരണം, ഞാൻ ഈ കൊലക്കുറ്റത്തിൽ നിന്നും മോചിതനായല്ലോ എന്ന് ഓർത്താണ്.

കേരളകൗമുദിയിൽ വന്നത് ഞാൻ വായിക്കാം. ആരാണ് സരസനെ തട്ടിക്കൊണ്ട് പോയത്. എന്തിനായിരുന്നു അങ്ങനെ ചെയ്തത് എന്ന് അദ്ദേഹത്തിനറിയാം പക്ഷെ കൂടുതൽ അന്വേഷണം നടത്താനിരിക്കുന്ന ഈ ഘട്ടത്തിൽ അത് പറയുന്നത് ശരിയല്ല എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. മാതൃഭൂമിയിൽ വന്ന വാർത്ത അനുസരിച്ച് സരസനെ തട്ടിക്കൊണ്ടു പോയതിന്റെ ഉദ്ദേശ്യം സംശയാസ്പദമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേസ് സംബന്ധിച്ച പൂർണ്ണ വിവരങ്ങളും പുറത്തു കൊണ്ടു വരുവാനും, കുറ്റക്കാരെ കണ്ടു പിടിച്ചു ശിക്ഷിക്കുകയും ചെയ്യും. അദ്ദേഹം മാതൃഭൂമിയോട് പറഞ്ഞത് പോലീസ് നൽകിയ മൊഴിയനുസരിച്ച് ഇപ്പോഴും അദ്ദേഹ എത്തിയിരിക്കുന്ന നിഗമനം സംശയാസ്പദമാണ്. കുറ്റക്കാരെ കണ്ടു പിടിച്ച് മാതൃകാപരമായി ശിക്ഷിക്കണം. ഒരു മുഖ്യമന്ത്രി അങ്ങനെ അങ്ങ് രാഷ്ട്രീയപ്രചരണം നടത്തുന്നത് അങ്ങേയ്ക്ക് യോജിച്ചതാണോ ? ഒരാളുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ അങ്ങനെ ഒരു നിഗമനത്തിൽ എത്തുന്നത് ഒരു മുഖ്യമന്ത്രിക്ക് യോജിച്ചതാണോ ? കോൺഗ്രസ് ഐ യുടെ നേതാവിന് യോജിച്ചതാണോ ? മൂന്നാംകിടക്കാർ പറഞ്ഞാൽ എനിക്ക് മനസ്സിലാക്കാൻ കഴിയും. അങ്ങ് ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയാണ്. അങ്ങാണോ ഇത് പറയുന്നത്, ഇത് കൊടുത്തിരിക്കുന്നത് സംശയാസ്പദമായ കാര്യമാണ്. അതുപോലെ തന്നെ അദ്ദേഹം കൊച്ചിയിൽ ചെന്ന് പത്രക്കാരോട് പറഞ്ഞത് ഒരു വോട്ട് കൂടി അധികം കിട്ടും എന്നാണ്. ഒരോട്ട് അധികം കിട്ടിക്കോട്ടെ, 10 വോട്ട് അധികം കിട്ടിക്കോട്ടെ, 10 വോട്ടിന് വേണ്ടി എന്ത് ഹീനകൃത്യവും

LIBRARY ARCHIVES Kerala Legislative Assembly

പെയ്യാനും നിങ്ങളും നിങ്ങളുടെ കക്ഷിയും തയ്യാറാകുമെന്നാണ് എന്റെ അഭിപ്രായം. അതല്ലേ നിങ്ങൾ പറഞ്ഞതിന്റെ അർത്ഥം. എന്നിട്ട് അദ്ദേഹം പറഞ്ഞിരിക്കുന്നു. അവിടെയാണ് എന്നെ കൂടുതൽ വേദനപ്പെടുത്തിയത്. സരസനെ കാണാതായതിനെ തുടർന്ന് സരസൻ കൊല്ലപ്പെട്ടതാകാം എന്ന നിഗമനത്തിൽ കോൺഗ്രസ് (ഐ) നടത്തിയ പ്രക്ഷോഭണങ്ങളിൽ ഒട്ടും കുഴമ്പില്ല എന്ന് പറഞ്ഞു തള്ളിക്കളയാം എന്നും മുഖ്യമന്ത്രി പറഞ്ഞു. അങ്ങനെ യോജിച്ചതാണോ ഇതെന്ന് ആലോചിക്കുക. അങ്ങ് ഈ സംസ്ഥാനത്തെ മുഖ്യമന്ത്രിയാണല്ലോ. അങ്ങ് മാപ്പ് പറയേണ്ടതായിരുന്നു, അങ്ങയുടെ കക്ഷിക്കുവേണ്ടി മാപ്പു പറയേണ്ടതായിരുന്നു. അതിനു പകരം ആ പ്രക്ഷോഭണവും, സമകാലീന രാഷ്ട്രീയ ചരിത്രത്തിൽ ഇത്രയേറെ ഹീനമായ ഒരു നടപടി വേറെ ഉണ്ടായിട്ടില്ല. എന്നിട്ട് അതിനെ നീതീകരിക്കാൻ ശ്രമിക്കുന്നു. എനിക്ക് ഒരപേക്ഷയേയുള്ളു. കക്ഷി നേതാവ് ഹാജരായതുകൊണ്ട് കൊലക്കുറ്റം ഇല്ലാതാവുമോ. ഇനി ഇപ്പോഴും മദ്യവും മയക്കുമരുന്നും. നമുക്ക് അത് അന്വേഷിക്കണം. ഇനി അടുത്ത തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള ചീട്ടാണോ എന്നെനിക്കറിയില്ല. എന്തോ ആയി കൊള്ളട്ടെ, നമുക്ക് ഇതൊന്ന് അന്വേഷിക്കണം. അന്വേഷിക്കുന്നതിനു വേണ്ടിയുള്ള സംവിധാനം വേണം. സരസൻ എങ്ങനെ പോയി, ആര് കൊണ്ടു പോയി, എവിടെ കൊണ്ടു പോയി, എവിടെ വച്ചിരുന്നു, ആര് മദ്യം കൊടുത്തു, ആര് മയക്കു മരുന്നു കൊടുത്തു, എങ്ങനെ തിരിച്ചു വന്നു എന്നതിനെ സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം തന്നെ വേണം. ഭരണകക്ഷിക്ക് പൂരിപക്ഷമുള്ള ഒരു കമ്മറ്റിയെക്കൊണ്ട്, നിയമസഭാ കമ്മിറ്റിയെ കൊണ്ട് അന്വേഷിപ്പിക്കണം എന്ന് ഞാൻ ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട ബേബിജോൺ ഇവിടെ സൂചിപ്പിച്ചതുപോലെ സരസൻ സംഭവം ഈ സംസ്ഥാനത്ത് ഒരു കോളിളക്കം ഉണ്ടാക്കിയ സംഭവം തന്നെയാണ്. സരസൻ സംഭവത്തിൽ മാത്രമല്ല, പലപ്പോഴും കാണാതാവുന്ന ആളുകളെ കൊല്ലപ്പെട്ടു എന്ന പ്രചരണം നടക്കുകയും, പലരുടെയും പേരിൽ ആക്ഷേപം ഉന്നയിക്കുകയും ചെയ്യുന്നത് ഒരു രാഷ്ട്രീയപാർട്ടിയിൽ മാത്രമല്ല, പല പാർട്ടിയിലും ഉണ്ടാകും. എന്നാൽ ഇക്കാര്യത്തിൽ സരസൻ കൊല്ലപ്പെട്ടു എന്ന് ആ പ്രദേശത്തെ ആളുകളെ വിശ്വസിച്ചതിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ പ്രക്ഷോഭണങ്ങളേയും പ്രകടനങ്ങളേയും തുടർന്ന് അന്വേഷണം വളരെ അധികം കാര്യക്ഷമമായി നടത്തി. ആദ്യകാലങ്ങളിൽ യാതൊരു തെളിവും അതിന് കിട്ടിയില്ല. സരസനെ കാണാത്തത് സംബന്ധിച്ച് 'മാൻ മിസ്സിങ്' എന്ന ഒരു കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തുകയും ചെയ്തു. ഈ അടുത്ത കാലത്ത് സരസനെ സംബന്ധിച്ച ചില വിവരങ്ങൾ കിട്ടിയത് അനുസരിച്ച് ക്രൈം ബ്രാഞ്ച് അതിന് ആവശ്യമായ നടപടികളും സ്വീകരിച്ച് പരസനെ കണ്ടെത്തി സരസനെ കൊണ്ടുവന്നു. സരസനെ ചിലർ തട്ടികൊണ്ടു പോയതാണെന്നും, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ തന്നെ ആർ. എസ്. പി യിൽ നിന്നും രാജിവച്ച് കോൺഗ്രസിന്റെ ഭാഗത്തേക്ക് വന്നതുകൊണ്ട് ഭീഷണി ഉണ്ടായിരുന്നു എന്നുമൊക്കെ സരസൻ കോടതിയിൽ മൊഴി കൊടുത്തിരുന്നു. അതാണ് സംശയാസ്പദമായ കാര്യം, അല്ലെങ്കിൽ ആരെയെങ്കിലും ഒരു പ്രത്യേക വ്യക്തിയുടെ താൽപ്പര്യത്തിനുവേണ്ടി ചെയ്യുന്ന അർത്ഥത്തിലല്ല. ഒരു രാഷ്ട്രീയ പാർട്ടിയിൽ നിന്നും മറ്റൊരു രാഷ്ട്രീയ പാർട്ടിയിൽ പോയാൽ കൊലപാതകം നടക്കുന്ന ഒരു സംസ്ഥാനമാണ് ഇത്. അങ്ങനെയുള്ള ഒരു സംസ്ഥാനത്തു, തന്നെ കൊലപ്പെടുത്തുമെന്നുള്ള ഭീത്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായതിന്റെ പേരിൽ ഒരാൾ പരാതിപ്പെട്ടു കഴിഞ്ഞാൽ ആ പരാതിയെ കുറിച്ച് അന്വേഷണം നടത്തേണ്ടത് ഗവൺമെന്റിന്റെ ചുമതലയാണ്. അതുകൊണ്ടാണ് പറഞ്ഞത്, അന്വേഷിച്ച് യഥാർത്ഥ കുറ്റവാളിയെ കണ്ടെത്തുന്നതാണെന്ന്. ഏതെങ്കിലും പ്രത്യേക വ്യക്തിയോ അല്ലെങ്കിൽ ഒരു പ്രത്യേക വിഭാഗത്തേയോ പരാമർശിക്കുകയല്ല യഥാർത്ഥ കുറ്റവാളിയെ കൊണ്ടുവന്ന് ശിക്ഷിക്കണം എന്നുള്ളതാണ് ഈ ഗവൺമെന്റിനെ സംബന്ധിച്ചുള്ളതു മാത്രമല്ല, ബഹുമാനപ്പെട്ട ബേബിജോണിന് ഇതിൽ താൽപ്പര്യമില്ലേ, യഥാർത്ഥ കുറ്റവാളി ആരാണെന്നു കണ്ടു പിടിക്കാൻ യഥാർത്ഥ കുറ്റവാളികളെ കണ്ടു പിടിച്ച്, ആ കുറ്റവാളികളെ ശിക്ഷിക്കാനുള്ള നടപടി ഗവൺമെന്റ് ചെയ്യുന്നതിൽ എന്തിനാണ് തെറ്റിദ്ധരിക്കണം. ഗവൺമെന്റ് പറഞ്ഞിട്ടുള്ളത് ഇക്കാര്യത്തിൽ സരസന്റെ മൊഴി സംശയാസ്പദമാണ്, അതിൽ സംശയം ഒന്നും ഇല്ല. ആ മൊഴിയുടെ അടിസ്ഥാനത്തിൽ മുന്നോട്ടു പോകണം, മുന്നോട്ടു പോകും, ഇൻവെസ്റ്റിഗേഷൻ നടത്തും, ക്രൈം ബ്രാഞ്ച് ഇൻവെസ്റ്റിഗേഷൻ നടത്തുന്നുണ്ട് കുറ്റവാളികളെ കണ്ടെത്തി ശിക്ഷിപ്പിക്കുന്നതിനുള്ള നടപടി തീർച്ചയായും ഗവൺമെന്റിന്റെ ഭാഗത്തു നിന്നും കർക്കശമായി സ്വീകരിക്കും, അക്കാര്യത്തിൽ ആർക്കും സംശയം വേണ്ട എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

V. മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1986-ലെ കേരള സിവിൽ കോടതികൾ (ഭേദഗതി) ഓർഡിനൻസ് (1986-ലെ 56-ാം നമ്പർ ഓർഡിനൻസ്) :

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986-ലെ കേരള ടോൾസ് (ഭേദഗതി) ഓർഡിനൻസ് (1986-ലെ 52-ാം നമ്പർ ഓർഡിനൻസ്).
2. 1986-ലെ കേരള പൊതു കെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ഓർഡിനൻസ് (1986-ലെ 54-ാം നമ്പർ ഓർഡിനൻസ്).

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഫിഷറീസ് വകുപ്പുമന്ത്രിക്കുവേണ്ടി താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമസംഘം (ഭേദഗതി) ഓർഡിനൻസ് (1986-ലെ 53-ാം നമ്പർ ഓർഡിനൻസ്).
2. 1986-ലെ കേരള സമുദ്ര മൽസ്യ ബന്ധന റഗുലേഷൻ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (1986-ലെ 62-ാം നമ്പർ ഓർഡിനൻസ്).

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986-ലെ ഗാന്ധിജി സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (1986-ലെ 46-ാം നമ്പർ ഓർഡിനൻസ്).
2. 1986-ലെ ഗാന്ധിജി സർവ്വകലാശാല (രണ്ടാം ഭേദഗതി) ഓർഡിനൻസ് (1986-ലെ 47-ാം നമ്പർ ഓർഡിനൻസ്).
3. 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക വിദ്യ സർവ്വകലാശാല ഓർഡിനൻസ് (1986-ലെ 48-ാം നമ്പർ ഓർഡിനൻസ്).

LIBRARY ARCHIVES Kerala Legislative Assembly